## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 312 | 14.03.2018 ൽ മറുപടിക്ക്

### നിയമവാഴ്ച നിലനിർത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. സണ്ണി ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് നിയമം കൈയിലെടുക്കാനും നിരപരാധികളെ തല്ലിക്കൊല്ലാനും ആക്രമിക്കാനും ആൾക്കൂട്ടം തയ്യാറാകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (എ) & (ബി) 22.02.2018 ന് അഗളിയിൽ ആദിവാസി യുവാവിനെ കുറച്ചുപേർ ചേർന്ന് കൊലപ്പെടുത്തിയത് അങ്ങേയറ്റം ദൗർഭാഗ്യകരമായ സംഭവമായിരുന്നു. ഒറ്റപ്പെട്ട ഈ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടവർക്ക് പരമാവധി ശിക്ഷ ഉറപ്പാക്കും. ഈ സംഭവം മുൻ നിർത്തി സംസ്ഥാനത്ത് ആൾക്കൂട്ടം നിയമം കൈയ്യിലെടുക്കലായി വിലയിരുത്തൽ നടത്തേണ്ടതില്ല. |
| (ബി) സംസ്ഥാനത്ത് നിയമവാഴ്ച ഇല്ലാതാകുന്നതിന്റെ സൂചനയായി ഇത്തരം സംഭവങ്ങളെ കാണുന്നുണ്ടോ; വിശദമാക്കുമോ; | ഏതെങ്കിലും ഒരു ഒറ്റപ്പെട്ട സംഭവം എടുത്ത് കാട്ടി സംസ്ഥാനത്ത് നിയമവാഴ്ച ഇല്ലായെന്ന് പ്രചരിപ്പിക്കുന്ന രീതി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ ഏറ്റവും ശക്തമായ രീതിയിൽ നിയമവാഴ്ച നിലനിൽക്കുന്നതും ക്രമസമാധാനം ഉറപ്പുവരുത്തുകയും ചെയ്തിട്ടുള്ള സംസ്ഥാനമാണ് കേരളം. |
| (സി) സംസ്ഥാനത്ത് നിയമവാഴ്ചയില്ലെന്ന് ഡി.ജി.പി. റാങ്കിലുള്ള ഒരു മുതിർന്ന ഉദ്യോഗസ്ഥൻ പറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (ഡി) അട്ടപ്പാടിയിൽ മധു എന്ന ആദിവാസി യുവാവിനെ ഫോറസ്റ്റ് ജീവനക്കാർ പിടിച്ച് ജനക്കൂട്ടത്തിന് കൊടുക്കുകയും അവർ പരസ്യമായി അയാളെ മർദ്ദിച്ച് കൊലപ്പെടുത്തുകയും ചെയ്തത് നിയമവാഴ്ച സംസ്ഥാനത്ത് നിലവിലില്ലായെന്നതിന്റെ സൂചനയായി വിലയിരുത്തുന്നുണ്ടോ; | (ഡി) അട്ടപ്പാടിയിൽ മധു എന്ന യുവാവ് ദാരുണമായി കൊല്ലപ്പെട്ടത് വനം വകുപ്പ് ഉദ്യോഗസ്ഥർ ആൾക്കൂട്ടത്തിന് പിടിച്ചുനൽകി കൊല്ലിച്ചതാണ് എന്നൊരന്വേഷണത്തിലും വെളിവായിട്ടില്ല. മധു മരിച്ച സംഭവത്തിൽ അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്ത് അവരെ നിയമത്തിനുമുന്നിൽ കൊണ്ടുവന്നിട്ടുണ്ട്.ഒറ്റപ്പെട്ട സംഭവം സംസ്ഥാനത്തിന്റെ പൊതു ക്രമ സമാധാനനിലയെ പ്രതിഫലിപ്പിക്കുന്നതല്ല. |
| (ഇ) നിയമവാഴ്ച നിലനിർത്തുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും എന്ത് നടപടിയാണ് കൈക്കൊള്ളുകയെന്ന് അറിയിക്കുമോ? | (ഇ) നിയമവാഴ്ച നിലനിർത്തുന്നതിന്റെയും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന്റെയും ഭാഗമായി പ്രശ്നബാധിത പ്രദേശങ്ങളിൽ പോലീസിന്റെ സാന്നിധ്യം ഉറപ്പാക്കുകയും, നിയമ നടപടികൾ സ്വീകരിക്കേണ്ട സാഹചര്യങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. കൂടാതെ പോലീസും ജനങ്ങളും തമ്മിലുള്ള ബന്ധം ശക്തമാക്കിയും, നിയമവാഴ്ചയെ ഹനിക്കുന്ന രീതിയിലുള്ള ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പോലീസിന്റെ പെട്ടെന്നുള്ള ഇടപെടൽ ഉണ്ടാകുകയും ഫലപ്രദമായി അന്വേഷിച്ച് കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ